# ആത്മീയ വിശപ്പ്

ഇംഗ്ലണ്ടിലെ ഒരു ക്രിസ്തീയ കുടുംബത്തിലാണ് വില്യം കേറി ജനിച്ചത്.അവന്റെ മാതാപിതാക്കൾ നിർദ്ധനരായിരുന്നു. അതിനാൽ കേറി ചെറുപ്പം മുതൽ സ്ഥിരോൽസാഹിയും കഠിനാധ്വാനിയായും മാറി. പട്ടിണിയുടെ മധ്യത്തിലും വായനാശീലം അവന്റെ സുഹൃത്തായിരുന്നു. 12-ാമത്തെ വയസ്സിൽ പഠിത്തം നിർത്തി .പിന്നീട് ചെരുപ്പു കുത്തിയായാണ് ജീവിതം കഴിച്ചുകൂട്ടിയത് . അക്കാലത്ത് പല ഭാഷകളും പഠിച്ചു.ജീനിതത്തിന്റെ പ്രഭാതസമയത്ത് തന്ന് ക്രിസ്തുവിനെ രക്ഷിതാനായി സ്വീകരിപ്പാൻ പ്രേരിപ്പിച്ചത് ഒരു സുഹൃത്തായിരുന്നു.താൻ രുചിച്ചിഞ്ഞ ദൈവസ്നേഹം മറ്റുള്ളവരെ അറിയിച്ചില്ലെങ്കിൽ അത് തെറ്റാണെന്ന് മനസ്സിലാക്കിയ വില്യം കേറി ഇൻഡ്യയിലേക്ക് പുറപ്പെടുവാൻ തീരുമാനിച്ചു. പ്രതിബന്ധങ്ങൾ വക വയാക്കാതെ 1793 ൽ അദ്ദേഹം ഇന്ത്യയിലെത്തി.ആത്മീക വരൾച്ച അനുഭവിക്കുന്ന ജനത്തിനുവേണ്ടി പകൽ ഉള്ളേടത്തോളം  അവന്റെ വേല ചെയ്യുവാൻ തീരുമാനിച്ച വില്യം കേറി 41 വർഷം സുവിശേഷ വയലിൽ അധ്വാനിച്ചു.കൂടാതെ ബൈബിൾ 40 ഭാഷകളിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തു.

നാല് കുഷ്ഠരോഗികളുടേയും സംഭാഷണം ക്ഷാമത്തിന്റെ കാഠിന്യം മനസ്സിലാക്കുവാൻ ഉപകരിക്കുന്നതാണ്.ഇവിടെ കിടന്നാൽ പട്ടിമി മൂലം മരിക്കുമെന്നും അതിനാൽ അരാമ്യ പാളയത്തിലേക്ക് ചെല്ലുമ്പോൾ അവർ ജീവനോടെ വിട്ടാൽ  ജീവിച്ചിരിക്കാം എന്ന് പറഞ്ഞ് ഇവർ പുറപ്പെടുന്നതായിക്കാണുന്നു. അവിടെ ചെന്നപ്പോൾ ദൈവകരുതൽ അവർ സ്വന്തം കണ്ണാൽ കണ്ടു. ശത്രുവില്ലാത്ത പാലയത്തിനകത്ത് കയറി തിന്നു കുടിച്ച് തൃപ്തരായി പൊന്നും വെള്ളിയും കുഴിച്ചിട്ടു. ക്ഷാമത്തിന്റെ വറുതിയിൽ  കഴിയുന്ന മറ്റുള്ളവരെ ക്കുറിച്ചുള്ള ഓർമ്മ അവരിൽ കുറ്റബോധം ഉളവാക്കി.ഈ സദ്വർത്തമാനം മറ്റുള്ളവരെ അറിയിക്കാതെ നേരം വെളുക്കും വരെ മിണ്ടാതിരുന്നാൽ കുറ്റംവരുമെന്ന് മനസ്സിലാക്കിയ അവർ പുറം ലോകത്തിന് അതേ ക്കുറിച്ചുള്ള അറിവു കൊടുക്കുന്നു. സുവിശേഷീകരണവും ഇതുപോലെയാണ്. തങ്ങളനുഭവിക്കുന്ന ആത്മീയാനുഭവങ്ങൾ മറ്റുള്ളവർക്കുകൂടി അനുഭവവേദ്യമാക്കണമെന്നതാണ് സുവിശേഷീകരണത്തിന്റെ മുഖ്യധാരയിൽഉൾക്കൊണ്ടിരിക്കുന്നത്.ആത്മീയ വിശപ്പുള്ളവർമാത്രമേ സുനിശേഷം അംഗീകരിക്കുവാൻ തയ്യാറാകുകയുള്ളു.ഇല്ലാത്തവർക്ക് സുവിശേഷം വരുത്തുന്ന മാറ്റങ്ങളിൽ പങ്കാളികളാകാൻ കഴിയുന്നതല്ല. ആത്മീയ വിശപ്പ് ഇല്ലാതെവരുന്നത് ആത്മീയ ജീർണ്ണതയുടെ ലക്ഷണമാണ്. ആത്മീയമായി ജീവിതത്തെ വിലയിരുത്തുവാൻ അവർ അപ്രാപ്തരായി തീരുന്നു.

സഹോദരങ്ങളേ, സുവിശേഷം അതറിയാത്തവരിലേക്ക് എത്തിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ദൈവം തന്ന കൃപകളെ രഹസ്യമായി വയ്ക്കാതെ മറ്റുളളവർക്ക് പ്രചോദനമാകുവാൻ നാം ശ്രദ്ധിക്കണം .ഭുമിയുടെ അറ്റത്തോളം അവന്റെ സാക്ഷികളാകുക എന്ന ദൈവ ശബ്ദത്തിന് കാത് തുറക്കാം.ലജ്ജിക്കാതെ സുവിശേഷത്തിനായി ദൈവശക്തിക്കൊത്തവണ്ണം ഭയം കൂടാതെ നമുക്ക് പ്രവർത്തിക്കാം.



Sis. Shanthamma Varghese

**ശാന്തമ്മ വർഗീസ്**